**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 273* 21.8.2017-ൽ മറുപടിയ്ക്ക്**

**<u>കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| **ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ.എൽദോ എബ്രഹാം** | **ശ്രീ.വി.എസ്.സുനിൽകുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഉദ്ദേശ്യലക്ഷ്യങ്ങളുടെ കാര്യക്ഷമമായ സഫലീകരണം സാധ്യമായോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; | എ) വെറ്ററിനറി സയൻസ്, ഡയറി സയൻസ്, പൗൾട്രി സയൻസ് എന്നീ വിഷയങ്ങളിൽ വിദ്യാഭ്യാസം, ഗവേഷണം, വിജ്ഞാനവ്യാപനം എന്നീ മേഖലകളിലാണ് സർവ്വകലാശാലയുടെ പ്രവർത്തനം പ്രധാനമായും നടത്തുന്നത്. സർവ്വകലാശാല ആക്ട് ചാപ്റ്റർ II 5 (i) to (vi) ൽ പ്രതിപാദിച്ചിരിക്കുന്ന സർവ്വകലാശാലയുടെ ഉദ്ദേശലക്ഷ്യങ്ങളുടെ കാര്യക്ഷമമായ സഫലീകരണം സാധ്യമാക്കുന്ന കർമ്മ പരിപാടികൾ സർവ്വകലാശാല ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയതിന് ഒരു വികസന സമിതി രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. സർവ്വകലാശാലയുടെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തന റിപ്പോർട്ടുകൾ സർവ്വകലാശാല ഭരണസമിതി, മാനേജ്മെന്റ് കൗൺസിൽ എന്നിവയിൽ സമർപ്പിച്ച് ചർച്ച നടത്തുകയും, വാർഷിക പ്രവർത്തന റിപ്പോർട്ട് എല്ലാ വർഷവും അംഗീകരിച്ച് സർക്കാരിന് സമർപ്പിക്കുകയും ചെയ്തു വരുന്നു. സർവ്വകലാശാല ശാസ്ത്രജ്ഞരുടെ പ്രവർത്തന മികവ് |

വിലയിരുത്തുന്നതിനായി പ്രത്യേക സ്കോറിംഗ് സംവിധാനവുമുണ്ട്. അധ്യാപക-അനധ്യാപക വിഭാഗങ്ങളുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുവാൻ പ്രത്യേക പരിശീലന പരിപാടികൾ നടത്തി വരുന്നു.

ബി) സർവ്വകലാശാലയുടെ ഗവേഷണഫലങ്ങൾ പൊതുസമൂഹത്തിലേക്ക് പ്രത്യേകിച്ചും കർഷകരിലേക്കും കന്നുകാലി ക്ഷീരവികസന മേഖലയിൽ പ്രവർത്തിക്കുന്നവരിലേക്കും എത്തിക്കുന്നതിനായി എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

ബി)
1.കർഷകർക്കുള്ള പ്രസിദ്ധീകരണങ്ങൾ
2.കർഷക സെമിനാറുകളും, പരിശീലന പരിപാടികളും
3.മൊബൈൽ ആപ്പ്സ്
4. റേഡിയോ/റ്റി.വി. പരിപാടികൾ
5.ദിനപത്ര ലേഖനങ്ങൾ
6. ആവശ്യപ്പെടുന്ന കർഷകർക്കുള്ള സാങ്കേതിക ഉപദേശം നൽകൽ
7. ഫീൽഡ് ക്യാമ്പുകൾ
8. മൊബൈൽ ആമ്പുലേറ്ററി ക്ളിനിക്കുകൾ
9. ഇ-വെറ്റ് കാൾ സെന്ററുകൾ

സി) സർവ്വകലാശാലയുടെ മാനവവിഭവശേഷി, കൃഷി സ്ഥലം, ഫാമുകൾ, മറ്റു വിഭവങ്ങൾ എന്നിവ കാര്യക്ഷമമായി ഉപയോഗപ്പെടുത്തി സർവ്വകലാശാലയെ മികവുറ്റ കേന്ദ്രമാക്കി മാറ്റുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നറിയിക്കാമോ?

സി) സർവ്വകലാശാലയെ മികവുറ്റ കേന്ദ്രമാക്കി മാറ്റുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

1) സർവ്വകലാശാല ഫാമുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്ന ഉദ്ദേശത്തോടെ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.
2) ഫാം ടൂറിസം പദ്ധതികൾ സർവ്വകലാശാലയുടെ തുമ്പൂർമുഴി, കോലാഹലമേട്, പൂക്കോട് , തിരുവിഴാംകുന്ന് ക്യാമ്പസുകളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്നു.
3) സർവ്വകലാശാലയുടെ അഞ്ചു ലാബുകൾക്ക് NABL അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.
4) സർവ്വകലാശാലക്കും കോളേജുകൾക്കും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ അംഗീകാരം ഉണ്ട്.
5) അധ്യാപന — ഗവേഷണ —

വിജ്ഞാനവ്യാപന മേഖലകളിൽ സർവ്വകലാശാല ഇതിനോടകം എഡിൻബർഗ് സർവ്വകലാശാല, വെസ്റ്റേൺ ആസ്ട്രേലിയ സർവ്വകലാശാല , കാൽഗറി സർവ്വകലാശാല എന്നീ അന്താരാഷ്ട്ര സർവ്വകലാശാലകളുമായി സഹകരണം ആരംഭിച്ചിട്ടുണ്ട്.

6) One Health പദ്ധതി, ഏരിയ സ്പെസിഫിക്ക് ധാതു ലവണ മിശ്രിതം എന്നിവ പ്രത്യേകം എടുത്തു പറയേണ്ടതുണ്ട്.
7) തീറ്റപ്പുൽ, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പ്രിസിഷൻ ഫാമിംഗ് ഗവേഷണ പദ്ധതികൾ നടന്നു വരുന്നു.
8) ഗുണനിലവാരമുള്ള കന്നുകുട്ടികളെ ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ എല്ലാ ഫാമുകളിലും ആരംഭിക്കുന്നുണ്ട്.
9) അടുത്ത കാലത്ത് പ്രവർത്തനമാരംഭിച്ച ഫീഡ്മിൽ ഗുണനിലവാരമുള്ള കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് കർഷകർക്കും, സ്ഥാപനങ്ങൾക്കും നല്കുവാൻ സഹായിക്കും
10) ജൈവകൃഷിക്കാവശ്യമായ പഞ്ചഗവ്യം തുടങ്ങിയ ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു.
11) സർവ്വകലാശാലയും സ്റ്റാർട്ട്-അപ് വിപണന പദ്ധതികൾ, മൃഗസംരക്ഷണ-കോഴി വളർത്തൽ പദ്ധതികളെ ടൗണുകളിലും നടപ്പാക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ, കോഴി വേസ്റ്റിൽ നിന്ന് ബയോ ഡീസൽ നിർമ്മിക്കുന്ന പദ്ധതി എന്നിവ ആവിഷ്കരിച്ച്

നടപ്പിലാക്കി വരുന്നു.

12) വിദൂര പഠന രീതിയടക്കം സർവ്വകലാശാല സംവിധാനം ചെയ്തിരിക്കുന്ന വൈവിധ്യമാർന്ന കോഴ്സുകളും പരിശീലന പരിപാടികളും വിദ്യാർത്ഥികൾക്കും, യുവതീയുവാക്കൾക്കും, കർഷകർക്കും ഏറെ പ്രയോജനം ചെയ്യുന്നതാണ്.

സെക്ഷൻ ഓഫീസർ